റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) മനുഷ്യാവകാശ കമ്മീഷന്റെ സന്ദർശനത്തോടനുബന്ധിച്ച് പുറത്തുവന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തെ മാനസികാരോഗ്യാശുപത്രികളിൽ ഇന്നുള്ള രോഗികളുടെ വർദ്ധനവ് കണക്കിലെടുത്തും നിലനിൽക്കുന്ന സൗകര്യങ്ങൾ പരിഗണിച്ചും പുതിയ മാനസികാരോഗ്യാശുപത്രി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) തിരുവനന്തപുരം മാനസികാരോഗ്യാശുപത്രിയിൽ ആകെ 57 നേഴ്സുമാരുടെ തസ്തികയാണുള്ളത്. മൂന്ന് ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നിലവിൽവന്നതിനെ തുടർന്ന് ഒരു ഷിഫ്റ്റിന് ഏകദേശം 15 നേഴ്സുമാരുടെ സേവനം ലഭ്യമാകുന്നുണ്ട്.

(സി) ആശുപത്രിയുടെ പ്രവർത്തനം കുറ്റമറ്റതും ഫലപ്രദവുമാക്കുന്നതിന് ആശുപത്രി വികസന സമിതി ഹൈക്കോടതി നിയോഗിച്ച മോണിറ്ററിംഗ് കമ്മിറ്റി എന്നിവ ശുപാർശ ചെയ്യുന്ന കാര്യങ്ങൾ പടിപടിയായി പൂർത്തീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതാണ്.

(ഡി) ഇല്ല.

(ഇ) റിപ്പോർട്ട് ലഭിച്ചാലുടൻ ഉചിതമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാന പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

18 (*18) ശ്രീ. ടി.കെ. ബാലൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസുകാർക്ക് ഇന്ന് നൽകിവരുന്ന പരിശീലനം മെച്ചപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് പര്യാപ്തമായ ആധുനിക രീതിയിലുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പോലീസ് ക്രൈം സ്റ്റോപ്പർ സെല്ലിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എല്ലാ പട്ടണങ്ങളിലും ഫ്ളൈയിംഗ് സ്കാഡിന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) കുറ്റകൃത്യങ്ങൾ തടയുന്നതിന് ബോധവൽക്കരണപരിപാടി നടത്താൻ ആലോചിക്കുമോ;

(ജി) പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന് ജനസമ്പർക്കപരിപാടി സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) സംസ്ഥാനത്തെ ക്രമസമാധാനരംഗത്തെ നേട്ടങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഐ) ഇതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ജെ) അയൽ സംസ്ഥാനങ്ങളിൽ ഉണ്ടായ വർഗീയ കലാപങ്ങൾ, കൂട്ടക്കൊല, ബോംബ് സ്ഫോടനം എന്നിവയുടെ അലകൾ സംസ്ഥാനത്തെ ബാധിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(കെ) ക്രമസമാധനരംഗത്തെ നേട്ടങ്ങൾ നിലനിർത്തുന്നതിനും പോലീസിന്റെ ആത്മവീര്യം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സംസ്ഥാനത്തെ പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

1. ക്രൈം സ്റ്റോപ്പർ സംവിധാനം ഏർപ്പെടുത്തി.

2. പോലീസ് കൺട്രോൾ റൂമിന്റെയും ഫ്ളൈയിംഗ് സ്കാഡിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തി.

3. ക്രൈം മോണിറ്ററിംഗ് സംവിധാനം സ്റ്റേറ്റ് ക്രൈം റിക്കാർഡ്ബ്യൂറോയിൽ ഏർപ്പെടുത്തി.

4. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ രാത്രികാലങ്ങളിൽ 'പാന്തർ പട്രോളിംഗ്', 'സ്പീഡ് ആക്ഷൻ പട്രോളിംഗ്' എന്നിവ നടപ്പിലാക്കി. നെയ്യാറ്റിൻകര, ആറ്റിങ്ങൽ, നെടുമങ്ങാട് മുനിസിപ്പാലിറ്റികളിൽ ഫ്ളൈയിംഗ് സ്കാഡ് സംവിധാനം ഏർപ്പെടുത്തി.

5. തീവ്രവാദ പ്രവർത്തനം തടയുന്നതിനും ക്രമസമാധാനപാലനം ശക്തിപ്പെടുത്തുന്നതിനും വേണ്ടി കേരള റൈഫിൾസ് എന്ന പേരിൽ മൂന്ന് സായുധ സേനാ ബറ്റാലിയനുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

6. പോലീസ് ആസ്ഥാനത്ത് ഒരു 'പബ്ലിക് വിൻഡോസെൽ' നിലവിൽ വരുത്തിയിട്ടുണ്ട്.

7. എഫ്.ഐ.ആറിന്റെ പകർപ്പ് തപാൽമാർഗ്ഗം പരാതിക്കാർക്ക് ലഭ്യമാക്കാനുള്ള സൗകര്യം ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

8. തിരുവനന്തപുരം സിറ്റിയിലെ അഞ്ച് പോലീസ് സ്റ്റേഷൻ മാതൃകാ പോലീസ് സ്റ്റേഷനുകളാക്കി മാറ്റി.

9. നാഷണൽ ഹൈവേയിലും സ്റ്റേറ്റ് ഹൈവേയിലും ഹൈവേ പട്രോൾ സംവിധാനം കാര്യക്ഷമമാക്കി.

10. ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ചില സ്ഥലങ്ങളിൽ ട്രാഫിക് വാർഡൻമാരെ നിയമിച്ചിട്ടുണ്ട്.

11. 'പ്രീപെയ്ഡ് ഓട്ടോറിക്ഷാ' സംവിധാനവും ട്രാഫിക് പോലീസ് ഹെൽപ്പ് ലൈൻ സംവിധാനവും നടപ്പിലാക്കി.

12. ഫിംഗർ പ്രിന്റ് അനാലിസിസ് ആന്റ് ക്രിമിനൽ ട്രെയ്സിംഗ് സിസ്റ്റം, ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ എക്വിപ്മെന്റ്, പോലീസ് വെബ് സൈറ്റ്, മോഡ്സ് ഓപ്പറാന്റി ബ്യൂറോ, ഇ-മെയിൽ സംവിധാനം എന്നിവ ഏർപ്പെടുത്തി.

13. 72 പോലീസ് സ്റ്റേഷനുകളിൽ ഹെഡ് കോൺസ്റ്റബിൾ, കോൺസ്റ്റബിൾമാർക്ക് 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കി.

(ബി) പരിശീലനം മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഈ സംവിധാനം എല്ലാ പോലീസ് ജില്ലകളിലും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) ബോധവൽക്കരണ പരിപാടി നടത്തിവരുന്നു.

(ജി) പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനത്തുടനീളം സെമിനാറുകളും ചർച്ചാ ക്ലാസുകളും സംഘടിപ്പിച്ചുവരുന്നു. പോലീസിന്റെ പ്രവർത്തനങ്ങൾ പൊതുജനസഹകരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി അറിയുക, അറിയിക്കുക എന്ന പരിപാടിക്കും രൂപം നൽകിയിട്ടുണ്ട്.

(എച്ച്) ഉണ്ട്,സമയോചിതവും ശക്തവുമായ പോലീസ് ഇടപെടൽ വഴി ക്രമസമാധാനം ഉറപ്പുവരുത്തിയിട്ടുണ്ട്. നിയമം നടപ്പാക്കുന്നതിലും അക്രമങ്ങൾ അമർച്ചചെയ്യുന്നതിലും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിലും കേരളത്തിലെ പോലീസ് ഉന്നതനിലവാരം പുലർത്തുന്നു.

(ഐ) മൂകളിൽ 'എ' വിഭാഗത്തിന്റെ മറുപടിയിൽ വിവരിച്ചിട്ടുണ്ട്.

(ജെ) തീവ്രവാദ പ്രവർത്തനവും സ്ഫോടകവസ്തു നിർമ്മാണവും ശേഖരവും കർശനമായി തടയുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കി. കൂടാതെ, ഇത് സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി ശേഖരിച്ച് ജില്ലാ പോലീസ് അധികാരിയെ അറിയിക്കുന്നതിനായി ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.മാരുടെ നേതൃത്വത്തിൽ ഓരോ സ്പെഷ്യൽ സ്കാഡും എല്ലാ പോലീസ് ജില്ലയിലും രൂപവൽക്കരിച്ചിട്ടുണ്ട്.

(കെ) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly